VOLUME-9
ISSUE-1
JANUARY 2016

# കില
## വാർത്താപത്രിക

kila@kilaonline.org | NEWSLETTER OF KERALA INSTITUTE OF LOCAL ADMINISTRATION (KILA) | www.kilaonline.org




കോർപ്പറേഷൻ മേയർമാർക്കും നഗരസഭ ചെയർമാൻമാർക്കും കിലയിൽ സംഘടിപ്പിച്ച ദ്വിദിന പരിശീലനപരിപാടി നഗരകാര്യവകുപ്പുമന്ത്രി **മഞ്ഞളാംകുഴി അലി** ഉദ്ഘാടനം ചെയ്യുന്നു

## റിയൽ എസ്റ്റേററ് അതോരിറ്റി നിയമം രാജ്യത്തിനു മാതൃക: മന്ത്രി മഞ്ഞളാകുഴി അലി

**സംസ്ഥാന** നിയമസഭ പാസ്സാക്കിയ റിയൽ എസ്റ്റേററ് അതോരിറ്റി നിയമം രാജ്യത്തിനുതന്നെ മാതൃകയാണെന്നു സംസ്ഥാന നഗരകാര്യവകുപ്പുമന്ത്രി മഞ്ഞളാംകുഴി അലി പറഞ്ഞു. സംസ്ഥാനത്തെ കോർപ്പറേഷൻ മേയർമാർക്കും നഗരസഭ ചെയർമാൻമാർക്കും കിലയിൽ സംഘടിപ്പിച്ച ദ്വിദിന പരിശീലനപരിപാടി ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.വിവിധ തലത്തിലുള്ള ചൂഷണങ്ങൾ അവസാനിപ്പിക്കുന്നതിനു പുതിയ നിയമം സഹായകമാകും.മറ്റൊരു സംസ്ഥാനത്തും ഇത്തരമൊരു നിയമം നിലവിലില്ല. രണ്ടും രണ്ടരവർഷവും കാലതാമസം നേരിട്ടിരുന്ന കെട്ടിടനിർമ്മാണാനുമതി ഓൺലൈൻ വഴിയാക്കിയപ്പോൾ മുപ്പതുദിവസകൊണ്ട് അനുമതി ലഭിക്കുന്ന സ്ഥിതി വന്നു. കാലതാമസവും അഴിമതിയും ഇതുമൂലം ഇല്ലാതായി. ഇതു സാർവത്രികമാക്കാൻ എല്ലാവരും സഹകരിക്കണം. ബസ് സ്റ്റാന്റ് അതുപോലെയുള്ള മറ്റ് നിർമ്മാണപ്രവർത്തനങ്ങൾ എന്നിവയിലൂടെ വരുമാനം വർദ്ധിപ്പിക്കാൻ നഗരസഭകൾ തയ്യാറാകണം. ദീർഘകാലത്തെ ആസൂത്രണം ലക്ഷ്യമാക്കിയുള്ള പദ്ധതികളാണ് ആവിഷ്ക്കരിക്കേണ്ടത്. വരുമാനത്തിനനുസരിച്ചുള്ള പദ്ധതികൾ ആസൂത്രണം ചെയ്യണം. നാട്ടുകാരുടെ ആവശ്യങ്ങൾക്കാണ് മുൻഗണന നൽകേണ്ടതെന്നും മന്ത്രി പറഞ്ഞു.

പദ്ധതിവിഹിതം കഴിയുന്നത്ര ചെലവഴിക്കുകയും വാർഡുകളിലേക്കു വിഭജിക്കുന്ന രീതി അവസാനിപ്പിക്കണമെന്നും ചടങ്ങിൽ അദ്ധ്യക്ഷ തവഹിച്ച നഗരകാര്യവകുപ്പു സെക്രട്ടറി എ.പി.എം മൊഹമ്മദ് ഹനീഷ് പറഞ്ഞു. നാടിനു മൊത്തത്തിൽ ഗുണം ചെയ്യുന്ന പദ്ധതികളാണ് ഏറ്റെടുക്കേണ്ടത്. മാലിന്യസംസ്കരണം,ശ്മശാനം, ആധുനിക മാർക്കറ്റുകൾ,അറവുശാലകൾ എന്നിവയുടെ സ്ഥാപനത്തിനു സംസ്ഥാസർക്കാരിന്റെ സഹായം പ്രതീക്ഷിക്കാമെന്നും അദ്ദേഹം അറിയിച്ചു.

കില ഡയറക്ടർ ഡോ.പി.പി.ബാലൻ, പ്രൊഫ.ഡോ. സണ്ണി ജോർജ്, കോർഡിനേറ്റർ പി.വി.രാമകൃഷ്ണൻ എന്നിവർ സംസാരിച്ചു. തൃശ്ശൂർ മേയർ അജിതാ ജയരാജ്,കണ്ണൂർ മേയർ ഇ.പി.ലത,കൊല്ലം മേയർ രാജേന്ദ്രബാബു എന്നിവരുൾപ്പെടെ വിവിധ നഗരസഭകളിൽനിന്നുള്ള ചെയർമാൻമാരാണ് പരിശീലനത്തിൽ പങ്കെടുത്തത്. തദ്ദേശഭരണവകുപ്പു ചീഫ് എഞ്ചിനിയർ പി.ആർ. സജികുമാർ, നഗരകാര്യ ഡയറക്ടർ, ക്ലീൻ കേരള കമ്പനി മാനേജിംഗ് ഡയറക്ടർ കബീർ ബി. ഹാരൂൺ, ഹാംസിംഗ് അലിവർ എന്നിവർ വിവിധ വിഷയങ്ങളെക്കുറിച്ചു സംസാരിച്ചു.



# പാലിയേറ്റീവ് പരിചരണം: മാർഗ്ഗരേഖ പരിഷ്ക്കരിച്ചു

**കാൻസർ ബാധിതർ, ഹൃദ്രോഗബാധിതർ,ശ്വാസകോശരോഗമുള്ളവർ, പ്രമേഹം പക്ഷാഘാതംപോലെ തളർന്നുകിടക്കുന്നവർ, ദീർഘകാല പരിചരണമാവശ്യമുള്ളവർ, ആസ്തമരോഗികൾ, അപസ്മാരരോഗികൾ, വൃക്കരോഗമുള്ളവർ, മാനസികരോഗം ബാധിച്ചു ദീർഘകാലം പരിചരണമാവശ്യമുള്ളവർ, പരസഹായം കൂടാതെ ദൈനംദിന കാര്യങ്ങൾ നിർവഹിക്കാൻ കഴിയാതെ അവശരായി കിടക്കുന്നവർ എന്നിവരെ കുടംബകേന്ദ്രീകൃതമായി പരിചരിക്കുന്നതിനു ലക്ഷ്യമിട്ടുകൊണ്ടാണ് പാലിയേററീവ് പരിചരണം ആരംഭിക്കുന്നത്. ഇത്തരം അവശതയുള്ളവരും അവരുടെ കുടുംബത്തിലുള്ളവരും അനുഭവിക്കുന്ന ബുദ്ധിമുട്ടുകൾക്കു ഒരു പരിഹാരം എന്ന നിലയിലാണ് പരിചരണപ്രവർത്തികൾ നടത്തേണ്ടത്.**

**കു**ടുംബകേന്ദ്രീകൃതമായി ദീർഘകാലം പരിചരണം ആവശ്യമുള്ള രോഗികൾക്കും വൃദ്ധജനങ്ങൾക്കുംവേണ്ടിയുള്ള പാലിയേററീവ് പരിചരണപ്രവർത്തനങ്ങൾ സംബന്ധിച്ച് 23.8.2012 ൽ സ.ഉ.(എം.എസ്)228/2012 നമ്പറായി തദ്ദേശസ്വയംഭരണവകുപ്പ് പുറത്തിറക്കിയിരുന്ന മാർഗ്ഗരേഖ പരിഷ്ക്കരിച്ച് ഉത്തരവായി 20.10.2015 ലെ സ.ഉ.(സാധാ) 3217/2015 തസ്വഭവ നമ്പറായി പുറത്തിറക്കിയ പരിഷ്ക്കരിച്ച മാർഗ്ഗരേഖ പ്രകാരമാണ് ഇനിയുള്ള പാലിയേറ്റീവ് പരിചരണ പ്രവർത്തനങ്ങൾ നടത്തേണ്ടത്.

കാൻസർ ബാധിതർ, ഹൃദ്രോഗബാധിതർ,ശ്വാസകോശരോഗമുള്ളവർ, പ്രമേഹം പക്ഷാഘാതംപോലെ തളർന്നുകിടക്കുന്നവർ, ദീർഘകാല പരിചരണമാവശ്യമുള്ളവർ, ആസ്തമരോഗികൾ, അപസ്മാരരോഗികൾ, വൃക്കരോഗമുള്ളവർ, മാനസികരോഗം ബാധിച്ചു ദീർഘകാലം പരിചരണമാവശ്യമുള്ളവർ, പരസഹായം കൂടാതെ ദൈനംദിന കാര്യങ്ങൾ നിർവഹിക്കാൻ കഴിയാതെ അവശരായി കിടക്കുന്നവർ എന്നിവരെ കുടംബകേന്ദ്രീകൃതമായി പരിചരിക്കുന്നതിനു ലക്ഷ്യമിട്ടുകൊണ്ടാണ് പാലിയേററീവ് പരിചരണം ആരംഭിക്കുന്നത്. ഇത്തരം അവശതയുള്ളവരും അവരുടെ കുടുംബത്തിലുള്ളവരും അനുഭവിക്കുന്ന ബുദ്ധിമുട്ടുകൾക്കു ഒരു പരിഹാരം എന്ന നിലയിലാണ് പരിചരണപ്രവർത്തികൾ നടത്തേണ്ടത്. വീടുകൾ കേന്ദ്രീകരിച്ചു നടത്തുന്ന ഈ പരിചരണപ്രവർത്തികൾക്കു രോഗിയും കുടുംബ-സന്നദ്ധപ്രവർത്തകരും യോജിച്ചുകൊണ്ടുള്ള പ്രവർത്തനമാണാവശ്യം. പഞ്ചവത്സപദ്ധതിപ്രവർത്തനത്തിൽ അനിവാര്യപ്രവർത്തനമായി പാലിയേറ്റീവ് പരിചരണം എടുക്കാവുന്നതാണ്. പരിചരണമാവശ്യമുള്ളവർക്കു പ്രഥമശുശ്രൂഷ, അത്യാവശ്യമരുന്നുകൾ, വാട്ടർബെഡ് പോലുള്ള ഉപകരണങ്ങൾ നൽകൽ, മറ്റു പരിചരണപ്രവർത്തനങ്ങൾ,ബോധവൽക്കരണം തുടങ്ങിയവയാണ് പ്രധാനമായും നടത്തേണ്ടത്. ഇത്തരം പരിചരണപ്രവർത്തനങ്ങൾ നടത്തുന്നതിനു താഴെ പറയും പ്രകാരം ഒരു ഹോംകെയർ ടീമിനെ ചുമതലപ്പെടുത്തണം.

**ഹോംകെയർ ടീം:**
ആരോഗ്യസ്ഥാപനങ്ങളിലെ ഡോക്ടർ,നഴ്സ്,ആരോഗ്യപ്രവർത്തകർ, ആശാവർക്കർ, ഹോംകെയർ പ്രവർത്തനം നടത്താൻ സന്നദ്ധരായിട്ടുള്ള സന്നദ്ധസംഘടനാപ്രതിനിധികൾ, സാമൂഹ്യപ്രവർത്തകർ, ഈ പ്രവർത്തനവുമായി സഹകരിക്കുന്ന കുടുംബശ്രീ പ്രവർത്തകർ, സ്കൂളിലെ എൻ.എസ്.എസ് പ്രവർത്തകർ എൻ.സി.സി വോളണ്ടിയേഴ്സ്, കോളേജുകളിലെ എൻ.എസ്.എസ്-എൻ.സി.സി വൊളണ്ടിയേഴ്സ്, തദ്ദേശഭരണസ്ഥാപനം ചുമതലപ്പെടുത്തുന്ന പാലിയേററീവ് നഴ്സ് എന്നിവരാണ് ഈ ടീമിലുണ്ടാകേണ്ടത്.

**പാലിയേറ്റീവ് കെയർ മാനേജ്മെന്റ് കമ്മിറ്റി:**
തദ്ദേശഭരണസ്ഥാപനത്തിന്റ് പ്രസിഡന്റ്,മുനിസിപ്പൽ ചെയർമാൻമാർ,കോർപ്പറേഷൻ മേയർമാർ ഇവരിലാരെങ്കിലുമായിരിക്കണം ഈ കമ്മിറ്റിയുടെ ചെയർപേഴ്സൺ. ആരോഗ്യസ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാനായിരിക്കും വൈസ് ചെയർമാൻ.മറ്റംഗങ്ങൾ ഇവരാണ്.ക്ഷേമകാര്യസ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാൻ, തദ്ദേശസ്ഥാപന സെക്രട്ടറി, ജനപ്രതിനിധികൾ (ഒരാൾ വനിതയായിരിക്കണം), സി.ഡി.എസ് ചെയർപേഴ്സൺ, സി.ഡി.എസ് മെമ്പർ സെക്രട്ടറി, തദ്ദേശസ്ഥാപനം സ്ഥിതിചെയ്യുന്ന പ്രദേശത്തെ ബ്ലോക്ക്-ജില്ലാപഞ്ചായത്ത് മെമ്പർമാർ,പരിശീലനം നേടിയ രണ്ടു സന്നദ്ധ പ്രവർത്തകർ, ആയുർവേദ-ഹോമിയോ മെഡിക്കൽ ഓഫീസർമാർ, പാലിയേററീവ് കെയർ നഴ്സ്, പ്രാഥമികാരോഗ്യകേന്ദ്രത്തിലെ ഫീൽഡ് പ്രവർത്തകർ, പ്രാഥമികാരോഗ്യകേന്ദ്രം കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ- താലൂക്കാശുപത്രി-ജില്ലാശുപത്രി എന്നിവിടങ്ങളിലെ മെഡിക്കൽ ഓഫീസർമാർ.(ഇദ്ദേഹം മെമ്പർ സെക്രട്ടറിയായിരിക്കും.)

**പാലിയേറ്റീവ് കെയർ നിർവഹണസമിതി:**
ഈ സമിതിയുടെ ചെയർപേഴ്സൺ തദ്ദേശഭരണസ്ഥാപന അദ്ധ്യക്ഷനും കൺവീനർ അലോപ്പതി മെഡിക്കൽ ഓഫീസറുമാണ്.മറ്റംഗങ്ങൾ:ആരോഗ്യസ്റ്റാൻഡിംഗ്കമ്മിറ്റി ചെയർപേഴ്സൺ, ക്ഷേമകാര്യാൻഡിംഗ് കമ്മിറ്റി ചെയർമാൻ, ആയുർവേദ-ഹോമിയോ മെഡിക്കർ ഓഫീസർ.തദ്ദേശഭരണസ്ഥാപന സെക്രട്ടറി, ഹോംകെയർ പാലിയേറ്റീവ് നഴ്സ്, സി.ഡി.എസ് ചെയർപേഴ്സൺ. എല്ലാമാസവും അഞ്ചാംതീയതിക്കുമുമ്പ് നിർവഹണസമിതി ചേർന്ന് പ്രവർത്തനങ്ങൾ വിലയിരുത്തേണ്ടതാണ്. ആവശ്യമെങ്കിൽ ഇടയ്ക്കും യോഗം ചേരാം. പാലിയേറ്റീവ്പരിചരണം ആവശ്യമുള്ളവരുടെ പേരുകൾ രജിസ്റ്റർ ചെയ്ത് സൂക്ഷിക്കേണ്ടതാണ്. പരിചരണത്തിനു ആവശ്യമുള്ള സാധനങ്ങൾ ഹോംകെയർ കിററിൽ തയ്യാറാക്കി കൊണ്ടുപോകേണ്ടതാണ്.ഹോംകെയർ വാഹനവും ഏർപ്പെടുത്തണം.ഹോംകെയർ ടീമിനു ഉപയോഗിക്കാവുന്ന വിധത്തിലാണ് വാഹനം ഒരുക്കേണ്ടത്.

പാലിയേറ്റീവ് പരിചരണ പ്രോജക്റ്റിന്റെ നടത്തിപ്പിനായി ഈ മാർഗ്ഗരേഖയിലെ വ്യവസ്ഥകൾക്കു വിധേയമായി തനതുഫണ്ട്,വികസനഫണ്ട് എന്നിവ വിനിയോഗിക്കാവുന്നതാണ്. ഹോംകെയർ സംവിധാനങ്ങളും അനുബന്ധപ്രവർത്തനങ്ങളും കൂടുതൽ ഫലപ്രദമാക്കുന്നതിനു പ്രാദേശിക വിഭവസമാഹരണവും നടത്താവുന്നതാണ്.

എല്ലാ പ്രവർത്തനങ്ങളും ഏകോപിപ്പിക്കുന്നതിനു ആവശ്യമായ രേഖകളും രജിസ്റ്ററുകളും സൂക്ഷിക്കുന്നതിനും സുതാര്യപ്രവർത്തനത്തിനുമാണ് പരിഷ്ക്കരിച്ച മാർഗ്ഗരേഖ വിഭാവനം ചെയ്യുന്നത്.



ജില്ലാപഞ്ചായത്തംഗങ്ങൾക്കു കിലയിൽ സംഘടിപ്പിച്ച ഏകദിന ശിൽപ്പശാല
കോഴ്സ് ഡയറക്ടർ **ഡോ.ജെ.ബി.രാജൻ** ഉദ്ഘാടനം ചെയ്യുന്നു

## ജില്ലാപഞ്ചായത്ത് അംഗങ്ങൾക്കു കിലയിൽ ശിൽപ്പശാല

**സം**സ്ഥാനത്തെ ജില്ലാ പഞ്ചായത്തുകളിലേക്കു തെരഞ്ഞെടുക്കപ്പെട്ട പുതിയ ജനപ്രതിനിധികൾക്കു കിലയിൽ ഏകദിന ശിൽപ്പശാല സംഘടിപ്പിച്ചു. കോഴ്സ് ഡയറക്ടർ ഡോ. ജെ.ബി.രാജൻ ഉദ്ഘാടനം ചെയ്തു. അസോ.പ്രൊഫ. ഡോ.പീറ്റർ എം.രാജ്, കോഴ്സ് കോർഡിനേറ്റർമാരായ എ. എസ്.പ്രതാപ് സിംഗ്, കെ.പി.എ.ഹാഷിം എന്നിവർ സംസാരിച്ചു. യോഗനടപടികളെക്കുറിച്ചും സകർമ സോഫ്റ്റ്വെയറിനെക്കുറിച്ചും സി.രാധാകൃഷ്ണനും ജില്ലാപഞ്ചായത്തിന്റെ ചുമതലകളെപ്പററി കെ.ഗോപാലകൃഷ്ണനും ക്ലാസ്സെടുത്തു.

## തിരിച്ചറിയൽ കാർഡ് കരസ്ഥമാക്കുക



തദ്ദേശസ്വയംഭരണസ്ഥാപനങ്ങളിലെ അദ്ധ്യക്ഷന്മാർക്കു സംസ്ഥാനസർക്കാരിന്റെ ആഭ്യന്തരവകുപ്പിൽനിന്ന് തിരിച്ചറിയൽ കാർഡ് അനുവദിക്കുന്നതാണ്. പുതുതായി തെരഞ്ഞെടുക്കപ്പെട്ട ഗ്രാമ-ബ്ലോക്ക്-ജില്ലാപഞ്ചായത്ത് പ്രസിഡന്റുമാർക്കും മുനിസിപ്പൽ ചെയർപേഴ്സൺമാർക്കും കോർപ്പറേഷൻ മേയർമാർക്കുമാണ് ഇത്തരത്തിൽ തിരിച്ചറിയൽ കാർഡ് അനുവദിക്കുന്നത്.

ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർ പഞ്ചായത്ത് ഡയറക്ടർ മുഖേനയും ബ്ലോക്ക് പഞ്ചായത്ത് അദ്ധ്യക്ഷന്മാർ ഗ്രാമവികസന കമ്മീഷ്ണർ മുഖേനയും മുനിസിപ്പൽ ചെയർപേഴ്സൺമാർ നഗരകാര്യഡയറക്ടർ മുഖേനയും തദ്ദേശസ്വയംഭരണ(ഇ.എം)വകുപ്പ് സെക്രട്ടറിക്കു അപേക്ഷ നൽകണം. ജില്ലാപഞ്ചായത്ത് പ്രസിഡന്റുമാരും കോർപ്പറേഷൻ മേയർമാരും തദ്ദേശസ്വയംഭരണ(ഇ.എം) വകുപ്പു സെക്രട്ടറിക്കു നേരിട്ടും അപേക്ഷ നൽകേണ്ടതാണ്. തിരിച്ചറിയൽ കാർഡിനപേക്ഷിക്കാൻ പ്രത്യേക ഫോറം നിശ്ചയിച്ചിട്ടില്ല. അപേക്ഷ വെള്ളക്കടലാസിൽ തയ്യാറാക്കി അദ്ധ്യക്ഷന്റെ ഒപ്പുരേഖപ്പെടുത്തി നൽകിയാൽ മതിയാകും.അപേക്ഷയോടൊപ്പം സ്റ്റാമ്പ് സൈസിലുള്ള രണ്ടു ഫോട്ടോകൾ (ഫോട്ടോയുടെ മറുവശത്ത് തദ്ദേശസ്വയംഭരണസ്ഥാപന സെക്രട്ടറി തീയതി രേഖപ്പെടുത്തി അറ്റസ്റ്റ് ചെയ്തിരിക്കണം) ഹാജരാക്കണം. സ്ഥാനമൊഴിഞ്ഞ അദ്ധ്യക്ഷനു അനുവദിച്ചിരുന്ന തിരിച്ചറിയൽ കാർഡ് സെക്രട്ടറി തിരിച്ചുവാങ്ങി അപേക്ഷയോടൊപ്പം സറണ്ടർ ചെയ്യണം. അപ്രകാരം പഴയ അദ്ധ്യക്ഷന്റെ കാർഡ് സറണ്ടർ ചെയ്താലേ പുതിയ കാർഡ് അനുവദിക്കുകയുള്ളൂ. തദ്ദേശസ്വയംഭരണവകുപ്പിന്റെ ശുപാർശ പ്രകാരമാണ് ആഭ്യന്തരവകുപ്പിൽനിന്നു തദ്ദേശസ്വയംഭരണവകുപ്പിലേക്കു തിരിച്ചറിയൽ കാർഡ് അനുവദിച്ചു നൽകുന്നത്. അതു തദ്ദേശഭരണവകുപ്പിൽനിന്ന് നേരിട്ട് പേരുവച്ച കവറിൽ രജിസ്ട്രേഡ് പോസ്ററായി അദ്ധ്യക്ഷന്മാർക്കു അയച്ചുകൊടുക്കുന്നതാണ്.

സ്ഥാനം ഒഴിയുന്ന അദ്ധ്യക്ഷന്മാർ അവർക്കു ലഭിച്ചിരിക്കുന്ന തിരിച്ചറിയൽ കാർഡ് ഏഴുദിവസത്തിനുള്ളിൽ സെക്രട്ടറി മുഖേന സർക്കാരിലേക്കു സറണ്ടർ ചെയ്യേണ്ടതാണ്.കാർഡ് തിരിച്ചുനൽകാതിരുന്നാൽ അതു അദ്ദേഹത്തിന്റെ ബാദ്ധ്യതയായി കണക്കാക്കി യാതൊരു ആനുകൂല്യങ്ങളും നൽകുന്നതല്ല. ഒരിക്കൽ അനുവദിച്ച കാർഡ് നഷ്ടപ്പെട്ടുപോയാൽ അക്കാര്യം ഏറ്റവും അടുത്ത പൊലിസ് സ്റ്റേഷനിൽ റിപ്പോർട്ട് ചെയ്യേണ്ടതാണ്. പൊലിസ് സ്റ്റേഷനിൽനിന്നു ലഭിച്ച റിപ്പോർട്ട് പ്രകാരമേ പകരം കാർഡ് അനുവദിക്കുകയുള്ളൂ. കൂടാതെ നൂറുരൂപ പിഴ ഒടുക്കിയതിന്റെ ചലാൻ രസീതും കാർഡ് നഷ്ടപ്പെടാനിടയായ സാഹചര്യം വ്യക്തമാക്കിയ സ്റ്റേറ്റ്മെന്റും സെക്രട്ടറി അറ്റസ്റ്റ് ചെയ്ത് 2 ഫോട്ടോകളും ഹാജരാക്കണം. തിരിച്ചറിയൽ കാർഡ് ദുരുപയോഗപ്പെടുത്തിയാൽ അതിന്റെ ഭവിഷ്യത്ത് കാർഡ് ഉടമയ്ക്കായിരിക്കും.

## കില ജീവനക്കാർക്കു മെഡിറ്റേഷൻ ക്യാമ്പ്

**കി**ല ജീവനക്കാർക്കുള്ള മൂന്നുദിവസത്തെ മെഡിറ്റേഷൻ ക്യാമ്പ് കിലയിൽ സമാപിച്ചു. സഹജമാർഗ്ഗ സ്പിരിച്ച്വാലിറ്റി ഫൗണ്ടേഷന്റെ ആഭിമുഖ്യത്തിലായിരുന്നു ക്യാമ്പ്. ഫൗണ്ടേഷന്റെ കേരള സൗത്ത് സോൺ ഇൻചാർജ് കെ.യു.മോഹൻ, ഹാർട്ട്ഫുൾനസ് ഇൻസ്റ്റിറ്റ്യൂട്ട് ട്രെയിനർ പി.പി. നാരായണൻ എന്നിവർ നേതൃത്വം നൽകി. കില സെക്ഷൻ ഓഫീസർ കെ.ബാബു സ്വാഗതം പറഞ്ഞു. രാവിലെ 9 മുതൽ 10 വരെയായിരുന്നു ക്യാമ്പ്.



കിലയിൽ പരിശീലനത്തിനെത്തിയ ഐ.പി.എസ് പ്രൊബേഷണറി ഓഫിസർമാർ കില ഫാക്കൽററികളോടൊപ്പം

## ഐ.പി.എസ് പ്രൊബേഷണറി ഓഫീസർമാർക്കു പരിശീലനം

**സംസ്ഥാനത്തെ** വിവിധ ജില്ലകളിൽ എ.എസ്.പി.മാരായി നിയമിക്കപ്പെട്ട ഐ.പി.എസ്.പ്രൊബേഷണറി ഓഫീസർമാർക്കു കിലയിൽ ഏകദിന പരിശീലനം സംഘടിപ്പിച്ചു. പ്രാദേശികഭരണത്തെക്കുറിച്ചായിരുന്നു പരിശീലനം. കേരളത്തിലെ പഞ്ചായത്ത്‌രാജ് സംവിധാനം, പങ്കാളിത്ത ആസൂത്രണം, പ്രാദേശികഭരണം, വികസനം, സദ്ഭരണം തുടങ്ങിയ വിഷയങ്ങളെക്കുറിച്ച് ഡോ.സണ്ണി ജോർജ്, ഡോ.പീറ്റർ എം.രാജ്, ഡോ.ജെ.ബി.രാജൻ, പി.വി.രാമകൃഷ്ണൻ എന്നിവർ ക്ലാസ്സെടുത്തു.




തിരുവനന്തപുരം ജില്ലയിലെ അതിയന്നൂർ ബ്ലോക്ക് പഞ്ചായത്തിൽ ജനപ്രതിനിധികൾക്കു സംഘടിപ്പിച്ച ഏകദിന പരിശീലനപരിപാടി ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് **ശൈലജ** ഉദ്ഘാടനം ചെയ്യുന്നു

## തദ്ദേശസ്വയംഭരണസ്ഥാപനങ്ങളിൽ **ജൈവവൈവിധ്യപരിപാലനസമിതി**

**ജൈവവൈവിധ്യ** ആക്ട്(2002) പ്രകാരം എല്ലാ തദ്ദേശസ്വയംഭരണസ്ഥാപനങ്ങളിലും ജൈവവൈവിധ്യപരിപാലനസമിതി രൂപീകരിച്ച് പ്രവർത്തിക്കേണ്ടതാണ്. പുതിയ ഭരണസമിതികൾ നിലവിൽ വന്നിരിക്കുന്ന സാഹചര്യത്തിൽ മൂന്നുമാസത്തിനുള്ളിൽ ജൈവവൈവിധ്യ പരിപാലനസമിതി നിർബന്ധമായും പുനർരൂപീകരിക്കണമെന്ന് സർക്കാർ നിർദ്ദേശിച്ചിട്ടുണ്ട്.(സർക്കുലർ നമ്പർ തസ്വഭവ. ഡി.എ.1/208/2015 തീയതി 16.11..2015) ജൈവവൈവിധ്യ നിർവഹണസമിതിയുടെ ഘടന താഴെ പറയും പ്രകാരമായിരിക്കും.

പ്രസിഡന്റ് -അതതു പഞ്ചായത്ത് പ്രസിഡന്റുമാർ. കൃഷി ഓഫീസർ, പഞ്ചായത്തിൽനിന്നു നിയമിക്കുന്ന 6 അംഗങ്ങൾ. പഞ്ചായത്തിൽനിന്നു നിയമിക്കുന്നവർ വിവിധ മേഖലകളെ പ്രതിനിധീകരിക്കുന്നവരും ജൈവവൈവിധ്യത്തെ സംരക്ഷിക്കുന്നതിനും സുസ്ഥിരമായി ഉപയോഗിക്കുന്നതിനും വേണ്ട തീരുമാനങ്ങൾ എടുക്കുന്നതിനും അവ നടപ്പാക്കാൻ താൽപര്യവും പ്രാപ്തിയുമുള്ളവരായിരിക്കണം. ഇതിൽ രണ്ടു വനിതകളും ഒരു എസ്.സി/എസ്.ടി വിഭാഗത്തിൽപെട്ട ആളുമുണ്ടാകണം. കർഷകപ്രതിനിധി, തടി ഇതര വിഭവങ്ങൾ ശേഖരിക്കുന്നവർ, മത്സ്യബന്ധന ജീവനക്കാരൻ, നാട്ടുവൈദ്യർ, സാമൂഹ്യസേവകർ, അധ്യാപകർ, ഗവേഷകർ,ജൈവവൈവിധ്യം ഉപയോഗിക്കുന്നവരുടെ സംഘടനാപ്രതിനിധി എന്നിവരിൽനിന്നായിരിക്കണം നിർവാഹകസമിതിയിലേക്കു നിർദ്ദേശിക്കേണ്ടത്. പഞ്ചായത്തുമെമ്പർ നിർദ്ദേശിക്കുന്നവർ അതതു പഞ്ചായത്തു പ്രദേശത്തു താമസിക്കുന്നവരുമായിരിക്കണം. പഞ്ചായത്തുമെമ്പർമാർ ബി.എം.സിയിലെ അംഗങ്ങളാകാൻ പാടുള്ളതല്ല. ഇവരെ കൂടാതെ സ്ഥലം എം.പി,എം.എൽ.എ, വനം-വന്യജീവിവകുപ്പ്, കൃഷിവകുപ്പ്, ആരോഗ്യവകുപ്പ്, മൃഗസംരക്ഷണവകുപ്പ്, ഫിഷറീസ് വകുപ്പ്, വിദ്യാഭ്യാസവകുപ്പ്, ഗവേഷണസ്ഥാപനങ്ങൾ എന്നിവരുടെ പ്രതിനിധികൾ പ്രത്യേക ക്ഷണിതാക്കളായിരിക്കണം.

# തദ്ദേശസ്വയംഭരണസ്ഥാപനങ്ങളിൽ ജാഗ്രതാസമിതികൾ നിർബന്ധമാക്കി

**സ്ത്രീ**കൾക്കും കുട്ടികൾക്കുമെതിരെയുള്ള അതിക്രമങ്ങളും അവകാശലംഘനങ്ങളും തടഞ്ഞ് അവരുടെ അന്തസ്സും പദവിയുമുയർത്തുന്നതിനും സുരക്ഷിതത്വം ഉറപ്പുവരുത്തുന്നതിനും ലക്ഷ്യമിട്ട് ഓരോ ഗ്രാമപഞ്ചായത്തിൽ പഞ്ചായത്തു തലത്തിലും വാർഡുതലത്തിലും ജാഗ്രതാസമിതികൾ രൂപീകരിക്കേണ്ടതാണ്. ഇതു കർശനമായി നടപ്പിലാക്കുന്നതിനു വ്യവസ്ഥ ചെയ്യുന്ന 2015 ലെ കേരള പഞ്ചായത്ത് രാജ് ഭേദഗതി ഓർഡിൻൻസ് പ്രാബല്യത്തിൽ വന്നു.

3.10.2015 ലെ 19314/ലെഗ്.സി.3/2015 നിയമവകുപ്പു നമ്പറായി പുറത്തിറങ്ങിയ ഓർഡിനൻസ് പ്രകാരം പുതുതായി തെരഞ്ഞെടുക്കപ്പെട്ട ഭരണസമിതി നിലവിൽ വന്ന് 90 ദിവസത്തിനകം ജാഗ്രതാസമിതികൾ രൂപീകരിക്കണമെന്ന് വ്യവസ്ഥ ചെയ്യുന്നു. ഇപ്രകാരം രൂപീകരിക്കുന്ന ജാഗ്രതാസമിതികൾ മാസംതോറും വിളിച്ചുചേർക്കേണ്ടതാണ്. മൂന്നു തവണ തുടർച്ചയായി ജാഗ്രതാസമിതി യോഗം വിളിച്ചുചേർത്തില്ലെങ്കിൽ സമിതി ചെയർമാനായ ജനപ്രതിനിധിയുടെ അംഗത്വം നഷ്ടപ്പെടുമെന്നാണ് ഓർഡിനൻസിൽ വ്യവസ്ഥ ചെയ്യുന്നത്.

പഞ്ചായത്ത് രാജ് നിയമത്തിലെ മൂന്നാം പട്ടകയിൽ ഗ്രാമപഞ്ചായത്തുകളുടെ ചുമതല നൽകിയിട്ടുള്ളതിൽ മേഖലാചുമതലകൾ പതിമൂന്നാം ഇനത്തിൽ ആറാം ഉപ ഇനമായി '' ഗ്രാമപഞ്ചായത്തുതലത്തിലും നിയോജകമണ്ഡലതലത്തിലും ജാഗ്രതാസമിതികൾ രൂപീകരിച്ച് പ്രവർത്തിപ്പിക്കുക'' എന്ന് ചേർത്തിട്ടുണ്ട്.

ഗ്രാമപഞ്ചായത്തുതലത്തിൽ രൂപീകരിക്കുന്ന സമിതിയെ ഗ്രാമപഞ്ചായത്തിലെ ജാഗ്രാതാസമിതിയെന്നും വാർഡുതലത്തിൽ രൂപീകരിക്കുന്ന ജാഗ്രതാസമിതിയെ വാർഡുതല ജാഗ്രതാസമിതിയെന്നും അറിയപ്പെടുന്നതാണ്. ഗ്രാമപഞ്ചായത്തുതല ഗ്രാമസമിതിയുടെ അദ്ധ്യക്ഷൻ പഞ്ചായത്തു പ്രസിഡന്റായിരിക്കും. കൺവീനർ ഐ.സി.ഡി.എസ് സൂപ്രവൈസറായിരിക്കും. ക്ഷേമകാര്യസ്ററാൻഡിംഗ് കമ്മിറ്റി ചെയർമാൻ, വനിതാ അഭിഭാഷക, സ്ഥലത്തെ പോലിസ് സർക്കിൾ ഇൻസ്പെക്ടർ/സബ് ഇൻസ്പെകടർ, എസ്.സി/എസ്.ടി വിഭാഗം വനിതാപഞ്ചായത്ത് മെമ്പർ, സാമൂഹ്യപ്രവർത്തക, മെഡിക്കൽ ഓഫീസർ, സി.ഡി.എസ് ചെയർപേഴ്സൺ, വാർഡുതല ജാഗ്രതാസമിതി കൺവീനർമാരിൽനിന്നു തെരഞ്ഞെടുക്കപ്പെടുന്ന ഒരാൾ എന്നിവർ അംഗങ്ങളായിരിക്കും. പഞ്ചായത്ത് സെക്രട്ടറി, ജില്ലാബാലസംരക്ഷണസമിതി പ്രതിനിധി, വിദ്യാഭ്യാസസ്ഥാപന മേധാവി എന്നിവർ ക്ഷണിതാക്കളായിരിക്കും.വാർഡുതല ജാഗ്രാതാസമിതിയുടെ ചെയർപേഴ്സൺ വാർഡ്മെമ്പറായിരിക്കണം.എ.ഡി.എസ് പ്രസിഡന്റോ സാമൂഹ്യപ്രവർത്തകയായ ഒരു വനിതയോയായിരിക്കണം വൈസ് ചെയർപേഴ്സൺ. കൺവീനർ അങ്കണവാടി വർക്കറോ ജോയിന്റ് കൺവീനർ ആശപ്രവർത്തക/എസ്.സി-എസ്.ടി പ്രൊമോട്ടർ/ പ്രേരക് എന്നിവരിൽനിന്നാരെങ്കിലുമോ ആയിരിക്കണം.പൊതുപ്രവർത്തകനായ ഒരാൾ, സന്നദ്ധസംഘടനകളെ പ്രതിനിധീകരിച്ച് രണ്ടുപേർ,(ഒരാൾ സ്ത്രീയായിരിക്കണം) എ.ഡി.എസ്/സി.ഡി.എസ് പ്രതിനിധികൾ എന്നിവർ അംഗങ്ങളായിരിക്കും. വാർഡിൽ പ്രവർത്തിക്കുന്ന ആരോഗ്യപ്രവർത്തക, വാർഡുതല ഹെൽത്ത് ആന്റ് സാനിറ്റേഷൻ കമ്മിറ്റി പ്രതിനിധി, അധ്യാപിക, കൗൺസിലർ, ഗ്രാമസഭ കൺവീനർ, ബാലസമിതി പ്രസിഡന്റ് തുടങ്ങിയവർ പ്രത്യേക ക്ഷണിതാക്കളാണ്.


ജാഗ്രതാസമിതി എല്ലാ മാസത്തിലും യോഗം ചേരേണ്ടതാണ്. മൂന്നുമാസത്തിലൊരിക്കൽ നിർബന്ധമായും കൂടിയിരിക്കണം. കോറം നിശ്ചയിച്ചിട്ടില്ലെങ്കിലും പരമാവധി അംഗങ്ങളെ പങ്കെടുപ്പിക്കണം.

കുട്ടികളുടേയും സ്ത്രീകളുടേയും പ്രാദേശികപ്രശ്നങ്ങൾ എത്രയും വേഗം ശ്രദ്ധയിൽ കൊണ്ടുവരിക എന്നതാണ് ജാഗ്രതാസമിതിയുടെ ലക്ഷ്യം.സ്ത്രീകൾക്കും കുട്ടികൾക്കും എതിരെ നടന്നുവരുന്ന അതിക്രമങ്ങൾ,സമൂഹത്തിലെ ദുഷ്പ്രവണതകൾ, കുട്ടികൾ നേരിടുന്ന അനുചിത പെരുമാറ്റങ്ങൾ എന്നിവയ്ക്കെതിരെ വിജിലൻസ് സംവിധാനമായും പ്രതിരോധസംവിധാനമായും ജാഗ്രതാസമിതികൾ പ്രവർത്തിക്കണം. പ്രശ്നബോധനം, സഹായസംവിധാനങ്ങൾ, ജനകീയപ്രതിരോധം, ശ്രദ്ധക്ഷണിക്കൽ തുടങ്ങിയവയെല്ലാം ഗ്രാമസഭ വഴിയോ സന്നദ്ധസംഘടനകൾ മുഖേനയോ രാഷ്ട്രീയസംഘടനകളിലൂടെയോ പരിഹരിക്കാൻ ശ്രമിക്കേണ്ടതാണ്.

വനിതാകമ്മീഷന്റെയും പഞ്ചായത്ത് രാജ്-മുനിസിപ്പൽ നിയമങ്ങളുടേയും പരിരക്ഷയിൽ വരുന്ന ജാഗ്രതാസമിതിക്കു ജില്ലാതലത്തിലും ബ്ലോക്ക് തലത്തിലും ഗ്രാമപഞ്ചായത്ത്-മുനിസിപ്പൽ തലത്തിലും സമിതികൾ ഉണ്ടായിരിക്കും. ഇവയ്ക്കു കീഴെയാണ് വാർഡുതല ജാഗ്രതാസമിതികൾ വരുന്നത്. ജാഗ്രതാസമിതിക്കുവേണ്ടിയുള്ള വിശദമായ മാർഗ്ഗരേഖ സർക്കാർ ഉത്തരവായി പുറത്തിറങ്ങുന്നതാണ്.

## തിരിവെട്ടം

പരിശീലനം കലയാക്കും കില,
തദ്ദേശഭരണാഭിമാനസ്തംഭം;
വിജയഭേരി മുഴക്കിയെത്തും
ജനമനസ്സാക്ഷി സൂക്ഷിപ്പുകാർ-
ക്കായൊരുക്കം ഭരണപാതയിൽ
അക്ഷരപിച്ചകൾ പിച്ചാ പിച്ചാ
അടിതെററിടാതെ കാക്കാം
വികസനപാതയിലൂർജ്ജമായിടാം
അധികാരസുഖമല്ല,
ഗ്രാമശക്തിയാവാൻ
ചൂട്ടുതെളിച്ചാവഴി
വരുന്നോർക്കേകാം
നൈർമല്യത്തിൻ തിരി,
ഗാന്ധിസ്വപ്നത്തിൻ
ഇത്തിരി വെട്ടം നൽകാം.



**അജിത് എഴക്കാട്**
സെക്രട്ടറി, മണ്ണൂർ ഗ്രാമപഞ്ചായത്ത്,
പാലക്കാട് ജില്ല.

# ചോദിക്കൂ പറയാം

## ചോദ്യങ്ങൾക്ക് മറുപടി

പഞ്ചായത്ത് നിയമവുമായി ബന്ധപ്പെട്ട എല്ലാ സംശയങ്ങൾക്കും ബന്ധപ്പെടുക. കില ഹെൽപ്ഡെസ്ക്. ഫോൺ നമ്പർ-0487 2204097

? പട്ടികജാതി വിഭാഗക്കാർക്കു വിദേശത്ത് തൊഴിൽ ലഭിക്കുന്നതിനു പഞ്ചായത്തിൽനിന്ന് എത്ര രൂപവരെ ചെലവു ചെയ്യാം?

● പട്ടികജാതി വിഭാഗക്കാർക്കു വിദേശത്തു തൊഴിൽ ലഭിക്കുന്നതിനു തദ്ദേശസ്ഥാപനങ്ങൾക്കു 50,000/-(അമ്പതിനായിരം രൂപ) മാത്രം ചെലവു ചെയ്യാവുന്നതാണ്.(ഉത്തരവു നമ്പർ (ആർ.ടി.)1827/2015 തസ്വഭവ.തീയതി.19.6.2015)

? പഞ്ചായത്തിൽനിന്ന് എയ്ഡഡ് സ്കൂളുകൾക്കു എന്തെങ്കിലും സഹായം ചെയ്യാമോ?

● സർക്കാർ സ്കൂളുകൾക്കു പുറമെ എയ്ഡഡ് സ്കൂളുകളിലെ കുട്ടികൾക്കു കുടിവെള്ളം, ടോയ്‌ലറ്റ് സൗകര്യങ്ങൾ, ഉച്ചക്കഞ്ഞിക്കുള്ള പാത്രം എന്നിവയ്ക്കു ധനസഹായം ചെയ്യുന്നതിനു ഗ്രാമപഞ്ചായത്തുകളെ അനുവദിച്ചിട്ടുണ്ട്.(സ.ഉ.(ആർ.ടി.)1765/2015 തസ്വഭവ.തീയതി.12.6.2015)

? കുടുംബശ്രീയുടെ കീഴിലുള്ള ബാലസഭയുടെ പ്രവർത്തനത്തിനു പദ്ധതി വയ്ക്കാമോ?

● കുടുംബശ്രീയുടെ കീഴിലുള്ള ബാലസഭയുടെ പ്രവർത്തനത്തിനു 35,000/- രൂപ വരെയുള്ള ഫണ്ട് അനുവദിച്ചുകൊണ്ട് പദ്ധതി വയ്ക്കാൻ അനുമതി നൽകിയിട്ടുണ്ട്.(സ.ഉ.(സാധാ)1363/2015 തസ്വഭവ.തീയതി.6.5.2015)

? കിണർ നിർമ്മിക്കാൻ പെർമിറ്റ് ആവശ്യമുണ്ടോ? എന്താണ് ചെയ്യേണ്ടത്?

● കിണർ നിർമ്മിക്കാൻ തദ്ദേശസ്ഥാപനത്തിൽനിന്നു പെർമിറ്റ് എടുക്കണം. ആയതിനു കേരള പഞ്ചായത്ത് രാജ് ബിൽഡിംഗ് റൂൾ സെക്ഷൻ 91-97 പ്രകാരമുള്ള അനുബന്ധം എ ഫോറത്തിൽ അഞ്ചുരൂപ കോർട്ട് ഫീ സ്റ്റാമ്പ് പതിച്ച ഒരു അപേക്ഷ പഞ്ചായത്തിൽ സമർപ്പിക്കണം. അപേക്ഷയോടൊപ്പം നിർമ്മിക്കാനുദ്ദേശിക്കുന്ന കിണറിന്റെ സ്ഥാനവും അതിരിൽനിന്ന് 7.5 മീററർ ചുറ്റളവിലുള്ള നിർമ്മിതകളടങ്ങിയ സൈറ്റ് പ്ലാൻ, ആധാരത്തിന്റെ ശരിപ്പകർപ്പ്, കരം അടച്ച രശീത്, കൈവശ സാക്ഷ്യപത്രം, എന്നിവ ഹാജരാക്കണം. നിശ്ചിതഫീസ് ഒടുക്കുകയും വേണം.

? വ്യാപാരസ്ഥാപനങ്ങൾക്കു ലൈസൻസ് നൽകുന്നതിനു സ്ഥലപരിശോധന നടത്തി ഹെൽത്ത് ഇൻസ്പെക്ടർ റിപ്പോർട്ട് നൽകണമെന്ന് പറയുന്നതു ശരിയാണോ?

● ഹെൽത്ത് ഇൻസ്പെകടർ സ്ഥലപരിശോധന നടത്തി റിപ്പോർട്ട് സമർപ്പിക്കേണ്ടതാണ്. (സർക്കുലർ നമ്പർ 66562/ആർ.സി.3/12/തസ്വഭവ. തീയതി.10.1.2013)

? ഗ്രാമപഞ്ചായത്തായിരുന്ന പ്രദേശം നഗരസഭയായി മാറി. അവിടെ 2015-16 വർഷത്തേക്കു നടന്നുകൊണ്ടിരുന്ന പദ്ധതിപ്രവർത്തനം എങ്ങനെ തുടരാൻ കഴിയും?

● അപ്രകാരമുള്ള പ്രദേശങ്ങളിൽ നടന്നുകൊണ്ടിരിക്കുന്ന വികസനപദ്ധതികൾ അതേപടി തുടരേണ്ടതാണ്. എന്നാൽ നടപ്പാക്കാൻ പ്രായോഗിക ബുദ്ധിമുട്ടുള്ള ഏതെങ്കിലും പദ്ധതികൾ ഉണ്ടെങ്കിൽ അതു ഭേദഗതി ചെയ്യാൻ അനുമതിയുണ്ട്.(സ.ഉ.(സാധാ) 3830/2015 തസ്വഭവ.തീയതി. 21.12. 2015 കാണുക)

? തദ്ദേശസ്ഥാപനങ്ങളിലെ ജനപ്രതിനിധികളായിരിക്കുന്ന ജീവനക്കാർക്കു ആസൂത്രണപദ്ധതിയിൽ പങ്കെടുക്കുന്നതിനു പ്രത്യേക ലീവുണ്ടോ?

● പന്ത്രണ്ടാം പഞ്ചവത്സരപദ്ധതിയിലെ പദ്ധതിപ്രവർത്തനങ്ങളിൽ പങ്കെടുക്കുന്ന തദ്ദേശസ്ഥാപനങ്ങളിലെ ജനപ്രതിനിധികളായ എയ്ഡഡ്സ്കൂൾ/എയ്ഡഡ് കോളേജ് ജീവനക്കാർ, അർദ്ധസർക്കാർ ജീവനക്കാർ എന്നിവർക്കു ജനകീയാസൂത്രണപദ്ധതിപ്രവർത്തനങ്ങളിൽ പങ്കെടുക്കുന്നതിനു ഒരു വർഷം പരമാവധി 15 ദിവസത്തെ ഡ്യൂട്ടി ലീവ് അനുവദിച്ചിട്ടുണ്ട്.ഉത്തരവ് നമ്പർ ജി.ഒ.(എം.എസ്)289/2012//തസ്വഭവ. തീയതി.6.11.2012.

? പട്ടികജാതിവിഭാഗം പെൺകുട്ടികളുടെ വിവാഹധനസഹായത്തിനുള്ള അപേക്ഷ എത്ര ദിവസത്തിനുള്ളിൽ സമർപ്പിക്കണം?

● പട്ടികജാതി വിഭാഗത്തിൽപെട്ട പെൺകുട്ടികളുടെ വിവാഹധനസഹായം ലഭിക്കുന്നതിനു അപേക്ഷ സമർപ്പിക്കുന്നതിനുള്ള കാലാവധി വിവാഹം കഴിഞ്ഞ് മൂന്നുമാസത്തിനകമായിരിക്കണമെന്നാണ് നിഷ്കർഷിച്ചിരിക്കുന്നത്. അതിപ്പോൾ വിവാഹം കഴിഞ്ഞ് ആറുമാസത്തിനുള്ളിൽ സമർപ്പിക്കണമെന്നു ഭേദഗതി ചെയ്തിട്ടുണ്ട്. പട്ടികജാതിവികസനവകുപ്പിൽനിന്നോ തദ്ദേശസ്ഥാപനങ്ങളിൽനിന്നോ ഏതെങ്കിലും ഒരു സ്ഥലത്തുനിന്നു മാത്രമേ ആനുകൂല്യം കൈപ്പറ്റുവാൻ പാടുള്ളൂ.(ഉത്തരവ് നമ്പർ സ.

● (സാധാ)789/5015 തസ്വഭവ.തീയതി 18.3.2015)

? ആശുപത്രിയിൽനിന്നു ലഭിക്കുന്ന ജനന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ മാതാപിതാക്കളുടെ പേരു രേഖപ്പെടുത്തിയ ജനന രജിസ്ററർ പിന്നീട് തിരുത്തൽ വരുത്തുമോ?

● 1969 ലെ ജനന-മരണരജിസ്ട്രേഷൻ ആക്ടിലെ സെക്ഷൻ 15 പ്രകാരം രജിസ്റ്റർ സൂക്ഷിച്ചിട്ടുള്ള ജനന-മരണരജിസ്ററിൽ രജിസ്ട്രാർക്കു ശരിയാണെന്നു ഉത്തമവിശ്വാസമുള്ള രേഖകളുടെ അടിസ്ഥാനത്തിൽ തിരുത്തലുകൾ വരുത്താവുന്നതാണ്.ജനനസർട്ടിഫിക്കറ്റ്, ഡി.എൻ.എ ബയോളജിക്കൽ ഇൻഫർമേഷൻ, സർക്കാർ അംഗീകൃത ലാബോറട്ടറി റിപ്പോർട്ട്, നോട്ടറി മുഖാന്തിരമുള്ള കരാർ പത്രം, കോടതിവിധിയുടെ പകർപ്പ്, പ്രസവം നടന്ന ആശുപത്രി അധികൃതരുടെ ഗൈനിക്‌രേഖയുടെ സാക്ഷ്യപത്ര പകർപ്പ് എന്നീ തെളിവുകൾ സഹിതം കുട്ടിയുടെ മാതാവ്/പിതാവ് ഡി.എൻ.എ ടെസ്റ്റിലൂടെ പിതൃത്വം തെളിയിച്ചിട്ടുണ്ടെങ്കിൽ അതുപ്രകാരം തിരുത്താവുന്നതാണ്. (സർക്കുലർ നമ്പർ 142/ആർ.ഡി 3/15 തസ്വഭവ.തീയതി.16.12.2015)

# വികസനപദ്ധതിരൂപീകരണം: ദ്വിദിന പരിശീലനം തുടങ്ങി

തദ്ദേശസ്വയംഭരണസ്ഥാപനങ്ങളിലെ വികസനപദ്ധതി രൂപീകരണവുമായി ബന്ധപ്പെട്ട് പുതിയ ജനപ്രതിനിധികൾക്കുള്ള ദ്വിദിന പരിശീലനപരിപാടി കിലയിലും സംസ്ഥാനത്തെ വിവിധ ജില്ലാ കേന്ദ്രങ്ങളിലും ആരംഭിച്ചു. കിലയിലെ പരിശീലനപരിപാടി കില ഡയറക്ടർ ഡോ.പി.പി. ബാലൻ ഉദ്ഘാടനം ചെയ്തു. കോഴ്സ് ഡയറക്ടർ ഡോ.ജെ.ബി.രാജൻ സംസാരിച്ചു. കേരളത്തിലെ അധികാരവികേന്ദ്രീകരണം, പങ്കാളിത്ത ആസൂത്രണ പ്രക്രിയ, വർക്കിംഗ് ഗ്രൂപ്പ് പ്രവർത്തനം, സ്റ്റാറ്റസ് റിപ്പോർട്ട് തയ്യാറാക്കൽ, കമ്മ്യൂണിറ്റി പ്ലാൻ, വികസന രേഖ തയ്യാറാക്കൽ, ഉപപദ്ധതികൾ, ഗുണഭോക്താക്കളെ തെരഞ്ഞെടുക്കൽ, പദ്ധതിനിർവഹണരീതികൾ, വാർഷികപദ്ധതി കലണ്ടർ തയ്യാറാക്കൽ, ജനപ്രതിനിധി-ഉദ്യോഗസ്ഥ ബന്ധം തുടങ്ങിയ വിഷയങ്ങളിൽ വിദഗ്ദ്ധർ ക്ലാസ്സെടുത്തു. കിലയിലെ മൂന്നു ഹാളുകളിലായി നടക്കുന്ന പരിശീലനപരിപാടിയിൽ 225 പേർ പങ്കെടുത്തു.പരിയാരം,പുന്നയൂർ, ഒരുമനയൂർ, കടപ്പുറം, ചൂണ്ടൽ, പുന്നയൂർകുളം, അതിരപ്പിള്ളി, വടക്കേക്കാട്, കടവല്ലൂർ, കാട്ടകാമ്പൽ, കണ്ടാണിശ്ശേരി, ചൊവ്വന്നൂർ, പോർക്കുളം, മേലൂർ പഞ്ചായത്തുകളിലെ ജനപ്രതിനിധികളാണ് പരിശീലനത്തിൽ പങ്കെടുത്തത്. രണ്ടാംഘട്ട പരിശീലനം ജനുവരി മദ്ധ്യത്തോടെ പൂർത്തിയാകും.




# തദ്ദേശ മിത്രം

**കേരള ലോക്കൽ ഗവൺമെന്റ് സർവ്വീസ് ഡെലിവറി പ്രോജക്ട്**

## തദ്ദേശമിത്രം പദ്ധതി: കാലാവധി ദീർഘിപ്പിച്ചു

**കേരളത്തിലെ പഞ്ചായത്ത് രാജ് സ്ഥാപനങ്ങളെ കൂടുതൽ കരുത്തുറ്റതും ജനാഭിമുഖ്യമുള്ളവയുമാക്കുന്നതിനും ലോക ബാങ്ക് സഹായത്തോടെ(കെ.എൽ.ജി.എസ്.ഡി.പി) കേരള സർക്കാർ രൂപം കൊടുത്ത പദ്ധതിയാണ് തദ്ദേശമിത്രം.ജനങ്ങൾക്കു സേവനങ്ങൾ പ്രദാനം ചെയ്യാനും അടിസ്ഥാന ഭരണനിർവഹണം ഫലപ്രദവും സുസ്ഥിരവുമാക്കുന്നതിനും തദ്ദേശഭരണസംവിധാനത്തിന്റെ സ്ഥാപനതല കാര്യശേഷി വർദ്ധിപ്പിക്കുകയും ശക്തിപ്പെടുത്തുകയുമാണ് ഈ പദ്ധതിയുടെ ലക്ഷ്യം.**

**കേ**രളത്തിലെ പഞ്ചായത്ത് രാജ് സ്ഥാപനങ്ങളെ കൂടുതൽ കരുത്തുറ്റതും ജനാഭിമുഖ്യമുള്ളവയുമാക്കുന്നതിനും അവശേഷിക്കുന്ന ന്യൂനതകളും വെല്ലുവിളികളും പരിഹരിച്ച് വികേന്ദ്രീകൃതാസൂത്രണം വ്യവസ്ഥാപിതമാക്കേണ്ടതുണ്ട്. അതിനുവേണ്ടി ലോക ബാങ്ക് സഹായത്തോടെ(കെ.എൽ.ജി.എസ്.ഡി.പി) കേരള സർക്കാർ രൂപം കൊടുത്ത പദ്ധതിയാണ് തദ്ദേശമിത്രം.ജനങ്ങൾക്കു സേവനങ്ങൾ പ്രദാനം ചെയ്യാനും അടിസ്ഥാന ഭരണനിർവഹണം ഫലപ്രദവും സുസ്ഥിരവുമാക്കുന്നതിനും തദ്ദേശഭരണസംവിധാനത്തിന്റെ സ്ഥാപനതല കാര്യശേഷി വർദ്ധിപ്പിക്കുകയും ശക്തിപ്പെടുത്തുകയുമാണ് ഈ പദ്ധതിയുടെ ലക്ഷ്യം.

സംസ്ഥാനത്തെ ഗ്രാമപഞ്ചായത്തകളും നഗരസഭകളുമാണ് ഈ പദ്ധതിയുടെ ഗുണഭോക്താക്കൾ.1195.8 കോടി രൂപയാണ് ഈ പദ്ധതിയുടെ അടങ്കൽ. ഇതിൽ സംസ്ഥാനസർക്കാരിന്റെ വിഹിതം 276 കോടി രൂപയും. ബാക്കി ലോകബാങ്ക് സഹായവുമാണ്.2011 മുതൽ 2015 വരെ നാലുവർഷമായിരുന്നു ഇതിന്റെ കാലാവധി. ഈ കാലാവധിയാണ് 2017 ജൂൺ വരെ ദീർഘിപ്പിച്ചിരിക്കുന്നത്.

- ഗ്രാമപഞ്ചായത്തുകൾക്കും മുനിസിപ്പാലിറ്റികൾക്കും വികസനപദ്ധതികൾ നടപ്പിലാക്കാൻ നിലവിലുള്ള ഗ്രാന്റിനു പുറമെ നൽകുന്ന പെർഫോർമൻസ് ഗ്രാന്റായിരിക്കും ഈ പദ്ധതിയിലൂടെ ലഭിക്കുന്നത്.
- തദ്ദേശസ്വയംഭരണസ്ഥാപനങ്ങളുടെ സേവനം മെച്ചപ്പെടുത്തി കാര്യശേഷിവികസനം സാദ്ധ്യമാക്കുക എന്നതുകൂടി ഇതിന്റെ ലക്ഷ്യമാണ്.
- തദ്ദേശസ്ഥാപനങ്ങളെ സംബന്ധിക്കുന്ന സ്ഥിതിവിവരകണക്കുകളും പദ്ധതി നടത്തിപ്പിനെക്കറിച്ചുള്ള വിശദാംശങ്ങളും സുഗമമായി ലഭിക്കുക വഴി തദ്ദേശസ്വയംഭരണസംവിധാനം മോണിറ്റർ ചെയ്യുന്നതിനുള്ള സംസ്ഥാന സർക്കാർ സംവിധാനം ശക്തിപ്പെടുത്താൻ സഹായിക്കും.

ഗ്രാമപഞ്ചായത്തുകൾക്കും നഗരസഭകൾക്കും വാർഷികമായി പ്രവർത്തനമികവിനെ ആധാരമാക്കിയുള്ള പെർഫോർമൻസ് ഗ്രാന്റ് ലഭിക്കുന്നതാണ്. അവയുടെ പദ്ധതിനിർവഹണത്തിലെ കാര്യശേഷി വർദ്ധിപ്പിക്കുന്നതിനു ഉതകുന്ന തരത്തിൽ മൂലധന ആസ്തികൾ സൃഷ്ടിക്കുന്നതിനും പരിപാലിക്കുന്നതിനുമുള്ള അധികരിച്ച അളവിലുള്ള വികസനപ്രവർത്തനങ്ങൾ നടത്തുന്നതിനായി പെർഫോർമൻസ് ഗ്രാന്റ് ചെലവഴിക്കാവുന്നതാണ്. ഉപാധിരഹിതമായി ഈ ഗ്രാന്റ് ഗ്രാമപഞ്ചായത്തുകൾക്കും നഗരസഭകൾക്കും അവയുടെ സേവനനിലവാരം ഉയർത്തുന്നതിനു ഉപയോഗിക്കാം. വികസനചെലവുകൾക്കുള്ള ബജറ്റ് വിഹിതം കണക്കാക്കുന്നതിനു നിലവിൽ സംസ്ഥാന ധനകാര്യകമ്മീഷൻ നിർദ്ദേശിച്ചിട്ടുള്ള മാനദണ്ഡങ്ങൾ തന്നെയാണ് ഈ ഗ്രാന്റിന്റെ വിഹിതം തീരുമാനിക്കുന്നതിനും ഉപയോഗിക്കുന്നത്. സംസ്ഥാന ധനകാര്യകമ്മീഷൻ വിഹിതത്തിനു പുറമെയാണ് ഈ ഗ്രാന്റ് നൽകുന്നത്.തദ്ദേശമിത്രത്തിന്റെ പരിധിയിൽ വരുന്ന ഗ്രാമപഞ്ചായത്തുകളേയും നഗരസഭകളേയും ശക്തിപ്പെടുത്തുക എന്നതാണീ പദ്ധതി. പിന്നോക്ക പഞ്ചായത്തുകളേയും നഗരസഭകളേയും വികസിപ്പിക്കുന്നതിനുള്ള അധിക ധനസഹായമാണ് നൽകുന്നത്.

റവന്യൂകമ്മിയുള്ള തദ്ദേശസ്ഥാപനങ്ങളെ കഴിഞ്ഞ മൂന്നുവർഷത്തെ ധനകാര്യസ്റ്റേറ്റ്മെന്റിന്റെ അടിസ്ഥാനത്തിലാണ് നിശ്ചയിക്കുന്നത്. ഒരു നിശ്ചിതശതമാനം ദാരിദ്ര്യരേഖയ്ക്കു താഴെയുള്ള കുടുംബങ്ങൾ ഉൾപ്പെടുന്ന പഞ്ചായത്തുകളേയും ഇതിനായി പരിഗണിക്കും.പട്ടികജാതി-പട്ടികവർഗ്ഗ ജനസംഖ്യയും പരിഗണിക്കും. ജില്ലാ ആസ്ഥാനത്തുനിന്നു ഏറ്റവും വിദൂരമായ പ്രദേശത്ത് സൗകര്യങ്ങളില്ലാതെ കിടക്കുന്ന തദ്ദേശസ്ഥാപനങ്ങളും പരിഗണിക്കപ്പെടും.ഭൂമിശാസ്ത്രപരമായ പ്രത്യേകതകൾ, സദ്ഭരണം, പ്രാഥമിക സൗകര്യങ്ങളുടെ അപര്യാപ്തത തുടങ്ങിയ നിരവധി ഘടകങ്ങൾ പരിഗണിക്കപ്പെടുന്നു.ഈ പദ്ധതിയിൽ പെടുത്തി നാലു കോടി രൂപ വീതം 40 ഗ്രാമപഞ്ചായത്തുകൾക്കും നാലു കോടി രൂപ വീതം പത്തു നഗരസഭകൾക്കും ഗ്രാന്റായി നൽകാനാണ് ലക്ഷ്യമിടുന്നത്.

തദ്ദേശമിത്രം പദ്ധതി സംബന്ധിച്ച വിശദമായ മാർഗ്ഗനിർദ്ദേശങ്ങൾ അടങ്ങിയ ഉത്തരവ് 29.1.2015 ലെ സർക്കാർ ഉത്തരവു (എം.എസ്) നമ്പർ 366/2015 തസ്വഭവ നമ്പറായി പുറപ്പെടുവിച്ചിട്ടുണ്ട്.

**സംസ്ഥാനത്തെ ഗ്രാമപഞ്ചായത്തകളും നഗരസഭകളുമാണ് ഈ പദ്ധതിയുടെ ഗുണഭോക്താക്കൾ.1195.8 കോടി രൂപയാണ് ഈ പദ്ധതിയുടെ അടങ്കൽ. ഇതിൽ സംസ്ഥാനസർക്കാരിന്റെ വിഹിതം 276 കോടി രൂപയും ബാക്കി ലോകബാങ്ക് സഹായവുമാണ്.2011 മുതൽ 2015 വരെ നാലുവർഷമായിരുന്നു ഇതിന്റെ കാലാവധി. ഈ കാലാവധിയാണ് 2017 ജൂൺ വരെ ദീർഘിപ്പിച്ചിരിക്കുന്നത്.**



കോർപ്പറേഷൻ മേയർമാർക്കും നഗരസഭ ചെയർമാൻമാർക്കും കിലയിൽ സംഘടിപ്പിച്ച ദ്വിദിന പരിശീലനപരിപാടിയിൽ
ശുചിത്വമിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർ **ഡോ.വാസുകി ഐ.എ.എസ്** സംസാരിക്കുന്നു

# നഗരങ്ങളിലെ ഗൃഹശൗചാലയങ്ങളുടെ നിർമ്മാണം അടുത്ത മാർച്ചിൽ പൂർത്തിയാക്കും: ഡോ.വാസുകി

**ന**ഗരപ്രദേശങ്ങളിൽ അടുത്ത വർഷം മാർച്ച് 31 നകം ഗൃഹശൗചാലയങ്ങളുടെ നിർമ്മാണം പൂർത്തിയാക്കാനാണ് ലക്ഷ്യമിട്ടിരിക്കുന്നതെന്ന് ശുചിത്വമിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർ ഡോ.വാസുകി ഐ.എ.എസ് പറഞ്ഞു. കോർപ്പറേഷൻ മേയർമാർക്കും നഗരസഭ ചെയർമാൻമാർക്കും കിലയിൽ സംഘടിപ്പിച്ച് ദ്വിദിന പരിശീലനപരിപാടിയിൽ പങ്കെടുത്തു സംസാരിക്കുകയായിരുന്നു അവർ. രാജ്യത്തൊട്ടാകെ 2019 മുമ്പ് ശൗചാലയനിർമ്മാണം പൂർത്തിയാക്കാനാണ് കേന്ദ്രസർക്കാർ തീരുമാനിച്ചിട്ടുള്ളത്. സംസ്ഥാനത്ത് ഗ്രാമപ്രദേശങ്ങളിൽ ഗൃഹശൗചാലയങ്ങളുടെ നിർമ്മാണം ഏറെക്കുറെ പൂർണ്ണമാണ്. നഗരപ്രദേശങ്ങളിൽ ഇപ്പോഴുള്ള സിങ്കിൾ പിറ്റ് സംവിധാനം മാറ്റാനാണ് തീരുമാനം. ഇതിനാവശ്യമായ തുക പ്ലാൻഫണ്ടിൽനിന്നും തനതുഫണ്ടിൽ നിന്നും ഉപയോഗിക്കാം. കിണറുണ്ടെങ്കിൽ ഏഴടിയെങ്കിലും അകലം പാലിക്കണം. അതിനു കഴിയാത്ത സ്ഥലങ്ങളിൽ നിർമ്മാണം കൂടുതൽ കുറ്റമറ്റ രീതിയിലാക്കാൻ ശ്രദ്ധിക്കണം. ശൗചാലയങ്ങൾ ഉപയോഗിക്കുന്നതിനെക്കുറിച്ച് ബോധവൽക്കരണം നടത്താൻ ഓരോ ജില്ലയിലും 40 പേരെ വീതം ചുമതലപ്പെടുത്തിയിട്ടുണ്ടെന്നും ഡോ.വാസുകി അറിയിച്ചു. കേരള സുസ്ഥിര നഗരവികസന പ്ലാൻ (കെ.എസ്.യു.ഡി.പി)പ്രോജക്ട് ഡയറക്ടർ ആർ.ഗിരിജ ഐ.എ.എസ്, ധനകാര്യവകുപ്പു സ്പെഷൽ സെക്രട്ടറി ഇ.കെ.പ്രകാശ്, കേരള അർബൻ ആന്റ് റൂറൽ ഡെവലപ്മെന്റ് ഫിനാൻസ് കോർപ്പറേഷൻ (കെ.യു.ആർ.ഡി.എഫ്.സി) മാനേജിംഗ് ഡയറക്ടർ രാജീവ്, നഗരഹൗസിംഗ് മിഷൻ ഡയറക്ടർ ബിനു ഫ്രാൻസിസ്, ചീഫ് ടൗൺ പ്ലാനർ രമണൻ, ഇൻഫർമേഷൻ കേരള മിഷൻ (ഐ.കെ.എം)പ്രതിനിധി എന്നിവർ വിവിധ വിഷയങ്ങളെക്കുറിച്ച് സംസാരിച്ചു.



തദ്ദേശസ്ഥാപനങ്ങളിലെ ജനപ്രതിനിധികൾക്കു കണ്ണൂരിൽ സംഘടിപ്പിച്ച ദ്വിദിന പരിശീലനപരിപാടി



കിലയിൽ സംഘടിപ്പിച്ച ദ്വിദിന പരിശീലനപരിപാടിയിൽ പങ്കെടുത്ത കോർപ്പറേഷൻ മേയർമാരും നഗരസഭ ചെയർമാൻമാരും



KILA News letter Published By Dr. P. P. Balan, Director, Kerala Institute of Local Administration, Mulamkunnathukavu (P.O)
Thrissur-680581 (for private circulation only)